# നവീകരണാഘോഷങ്ങൾക്ക് പുതിയ മാനം കൈവരണം

**(ഫിലിപ്പോസ് മാർ ക്രിസോസ്തം മർത്തോമ്മാ വലിയ മെത്രാപ്പോലിത്തയുമായി ഡോ.മാത്യു കോശി പുന്നയ്ക്കാട് നടത്തുന്ന സംഭാഷണമാണിവിടെ പ്രസിദ്ധീകരിക്കുന്നത്. വായനക്കാർക്ക് പ്രതികരിക്കാം)**

**?ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ സ്വത്തിനെക്കുറിച്ചും രാജാവിനെ സംരക്ഷിച്ചുകൊണ്ടും പ്രസ്താവനകളിറക്കുവാൻ മർത്തോമ്മാ സഭ അമിത താല്പര്യം കാണിച്ചതായി തോന്നുന്നു. ക്രിസോസ്തം തിരുമേനിയും ജോസഫ് മർത്തോമ്മാ മെത്രാപ്പോലിത്തയും പ്രസ്താവനകളിറക്കി. ഒരേ സഭയിലെ രണ്ട് ബിഷപ്പുമാർ വളരെ താല്പര്യത്തോടെ ഇറക്കിയ പ്രസ്താവനകൾക്ക് എന്തെങ്കിലും പ്രത്യേക താല്പര്യങ്ങൾ ഉണ്ടായിരുന്നോ ?**
=പറയാം. ഞാനൊരു രാജ ഭക്തനാണ്. ഞാൻ ജനിച്ചത് ശ്രീമൂലം തിരുനാൾ രാജഭരണം നടത്തുന്നയവസരത്തിലാണ്. 99ലെ വെള്ളപ്പൊക്കകാലത്ത് ജനങ്ങളുടെ ദുരിതങ്ങളകറ്റുവാൻ രാജാവ് നടത്തിയ ശ്രമങ്ങളെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്. പാവങ്ങളോടു കരുതലുള്ള ഒരാളായിരുന്നു രാജാവ്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എനിക്ക് വലിയ ആദരവ് ഉണ്ടാക്കി. ആ സ്നേഹം ഇപ്പോഴുമുണ്ട്.

**?തിരുമേനി രാജ ഭരണം പോയി ഇത് ജനാധിപത്യ രാജ്യമാണ്.**
=ശരിയാ. ഇപ്പോൾ നമ്മുടെ രാജാവ് ഉമ്മൻ ചാണ്ടിയാണ്. ജനങ്ങൾ തെരഞ്ഞെടുത്ത രാജാവ്. തെരഞ്ഞെടുക്കാത്ത രാജാവായാലും തെരഞ്ഞെടുത്ത രാജാവായാലും ജനങ്ങളുടെ പിന്തുണയുണ്ടോയെന്നുള്ളതാണ് പ്രശ്നം. അന്ന് പ്രജകൾ സംഘടിതരായിരുന്നില്ല. ഇന്ന് സംഘടിതമായി പ്രതിഷേധിക്കും. രാജത്വം വേണമെന്നു ഞാൻ പറഞ്ഞില്ല. ഇന്നത്തെ വിവാദത്തിൽ ഞാൻ ഇപ്രകാരം പറഞ്ഞാൽ കുറെ കൂടി ഭേദമായി സാറിന് തോന്നിയേക്കാം. ക്ഷേത്രത്തിലെ നിധിയുടെ അളവും ആരോപണങ്ങളുടെയും വെളിച്ചത്തിലാണ് ഞാൻ പറയുന്നത്.രാജാവ് മോഷ്ടിക്കാവുന്നിടത്തോളം മോഷ്ടിച്ചില്ല. മോഷ്ടിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

**?തിരുമേനീ, എന്റെ ചോദ്യത്തിനുത്തരമല്ല പറയുന്നത്. ക്രൈസ്തവ സഭയെ ബാധിക്കാത്ത ഒരു കാര്യത്തിന് മറ്റ് ബിഷപ്പുമാരാരും അഭിപ്രായങ്ങൾ പറയാതിരുന്നിടത്ത് തിരുമേനിയെന്തുകൊണ്ട് അഭിപ്രായം പറഞ്ഞു.**
=മറ്റുള്ളവർക്ക് സംസ്കാരമില്ലാഞ്ഞിട്ട്.

**?അതെന്താ തിരുമേനിയങ്ങനെ പറഞ്ഞത്.**
=നമ്മെ സ്നേഹിച്ച് ഒരു കാലത്ത് ഭരിച്ച രാജാക്കന്മാരാണവർ. കുറവുകളുണ്ടായിരിക്കാം. പക്ഷേ അവർ ജനങ്ങളുടെ നന്മക്കായി ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഭൂതകാലത്തെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നവനാണ് ഞാൻ. അത് കിഴക്കൻ പാരമ്പര്യമുള്ള സഭകളുടെ പ്രത്യേകയാണ്. കിഴക്കൻ പാരമ്പര്യത്തിൽ മരിച്ചവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് അതു കൊണ്ടാണ്. പഴയതിനെ ഇന്നത്തേക്കാളുപരി ബഹുമാനിക്കുകയും ആദരിക്കയും ചെയ്യുന്ന ഒരു പാരമ്പര്യമാണത്. അതു കൊണ്ടാണ് രാജാക്കന്മാരെ ആദരിക്കുന്നത് ബഹുമാനിക്കുന്നത്.

**?ക്ഷേത്രത്തിലെ സ്വത്തുക്കൾ ഈശ്വരന്റേതാണെന്ന് തിരുമേനിയും പറഞ്ഞുവെന്നാണ് എനിക്ക് തോന്നുന്നത്. രാജാക്കന്മാർ നികുതിയായി ശേഖരിക്കുകയോ, പിടിച്ചെടുക്കുകയോ ചെയ്തിട്ട് പിന്നീട്**

**ക്ഷേത്രത്തിലേക്ക് നൽകിയതാണെന്ന് പറയപ്പെടുന്നുണ്ട്. ഈ നിധി ജനങ്ങളുടേതാണ്.**

=സാറേ, നോട്ടടിച്ചവനല്ലാതെ ആർക്കെങ്കിലും ഈ പണം എന്റേതാണെന്ന് പറയുവാൻ സാധിക്കുമോ? ഒസ്താസ്തിയോസ് തിരുമേനിയുടെ അഭിപ്രായത്തിൽ പണക്കാരനായിരിക്കുന്നത് തന്നെ പാപമാണ്. മറ്റുള്ളവരുടെ അദ്ധ്വാനത്തെ മോഷ്ടിക്കാതെ ആർക്കും പണക്കാരനായിരിക്കുവാനൊക്കില്ല. സ്വത്ത് ഈശ്വരന്റേതാണെന്ന് ഞാൻ പറഞ്ഞതാണ്. ഈശ്വരന്റെ സ്വത്ത് ആർക്കുള്ളതാ- ജനങ്ങൾക്കുള്ളതാണ്. അപ്പോൾ നിധി ജനങ്ങൾക്കുള്ളതാണ്. ശ്രീകൃഷ്ണൻ ഉറിയിലിരിക്കുന്ന വെണ്ണയെടുത്ത കാര്യം എപ്പോഴും പറയാറുള്ളതാ. വെണ്ണ ഉറിയിൽ വയ്ക്കുവാനുള്ളതല്ല. അത് ജനങ്ങൾക്കുള്ളതാണ്. സാറിന് ശംബളമെങ്ങനെയാ ലഭിക്കുന്നത്. പാവപ്പെട്ട വല്ല്യപ്പൻ തന്റെ മകളെ പഠിപ്പിക്കുവാൻ കഷ്ടപ്പെട്ട് ഉണ്ടാക്കിയ പണം ഫീസായി തന്നത് കൊണ്ടാ സാറിന് ശംബളം ലഭിക്കുന്നത്. ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വത്തിന്റെ കാര്യസ്ഥർ ക്ഷേത്രത്തിന്റെ ഭരണസമിതിക്കാർ തന്നെയാണ്. അവർ ആ സ്വത്ത് പാവങ്ങളുടെ നന്മയ്ക്ക് ഉപയോഗിക്കണം. പുരാവസ്തു പ്രാധാന്യമുള്ളത് നിധിയായി സൂക്ഷിച്ച് ബാക്കിയുള്ളത് ജനങ്ങളുടെ നന്മയ്ക്ക് ഉപയോഗിക്കണം.

ചെങ്ങന്നൂർ കോളജിലെ ഒരു പെൺകുട്ടി വള്ളത്തിൽ സഞ്ചരിക്കവേ വള്ളം മറിഞ്ഞു വെള്ളത്തിൽ വീണ് മരിച്ചു. ഞാനും ആ വീട്ടിൽ പോയിരുന്നു. രണ്ടു മാസം കഴിഞ്ഞു ആ പെൺകുട്ടിയുടെ പിതാവ് എന്നെ കാണുവാൻ വന്നു. പെൺകുട്ടിയെ കെട്ടിക്കുവാൻ കുറെ പണം ആ പിതാവ് സമ്പാദിച്ചു വെച്ചിരുന്നു. അതെന്നെ ഏല്പിക്കുവാനാണ് വന്നത്. ദുംഖം തങ്ങിനില്ക്കുന്നയവസരത്തിൽ ആ പിതാവിന്റെ മഹനീയത കണ്ട് ഞാൻ അമ്പരന്നു ഇപ്രകാരം പറഞ്ഞു.

"ഈ പണം വാങ്ങുവാനുള്ള വിശുദ്ധിയോ ദർശനമോ എന്റെ കൈകൾക്കില്ല".

ആ പിതാവ് പറഞ്ഞു: "ദർശനവും വിശുദ്ധിയുമുള്ള മറ്റ് കൈകൾ കാണാത്തതിനാൽ തിരുമേനി ഇത് വാങ്ങണം". മകൾക്ക് വേണ്ടി വച്ചിരുന്ന തുക മറ്റോരാൾക്ക് കൊടുക്കുവാൻ സന്നദ്ധത ഒരു വിശാല ദർശനത്തിന്റെ ഭാഗമായാണ്. അത് ആരുടേയും നിർബന്ധമില്ലാതെ സ്വയമേ ചെയ്ത ഒരു വിശുദ്ധ പ്രവർത്തി. ഈശ്വരന്റേത് അമ്പലത്തിൽ സൂക്ഷിക്കുവാനുള്ളതല്ല. അത് ഈശ്വരന്റെ ജനങ്ങൾക്കുള്ളതാണ്. ജനങ്ങളുടെ നന്മയാണ് ഈശ്വരന്റെ പ്രസാദം. അതെങ്ങനെയാണ് വിനിയോഗിക്കേണ്ടതെന്ന് ദേവസ്വം ബോർഡിനോ, ക്ഷേത്രഭരണാധികാരികൾക്കോ അവകാശമുണ്ട്. എല്ലാ മനുഷ്യരും ഈശ്വരന്റെ പ്രജകളാണ്.

**?മറ്റോരു ചോദ്യം. തമ്പി കാക്കനാടന്റെ ശവസംസ്ക്കാരവുമായി ബന്ധപ്പെട്ടാണ്. തമ്പി കാക്കനാടന്റെ പിതാവ് മർത്തോമ്മാ സഭയിലെ ഉപദേശിയായിരുന്നു. പക്ഷേ തമ്പി കാക്കനാടനെ റോളിൽ പേരില്ലായെന്ന് പറഞ്ഞു പള്ളിയുടെ സെമിത്തേരിയിൽ അടക്കിയില്ല. ഇതിനോട് തിരുമേനിയുടെ പ്രതികരണം.**

=കാക്കനാടന്റെ പിതാവ് മർത്തോമ്മാ സഭയിലെ ഉപദേശിയായിരുന്നു. കത്തോലിക്കാ സഭയിൽ നിന്നും വന്നവരാണ്. അദ്ദേഹം സഭാ കൗൺസിൽ അംഗവുമായിരുന്നു. ഈ പള്ളിയുടെ സെമിത്തേരി ആദ്ദേഹം വാങ്ങിച്ചതാണ്. ഈ എം എസ്സ് നമ്പൂതിരിപ്പാടിനെ പോയി കണ്ട് പ്രത്യേകമായി അനുവദിപ്പിച്ചെടുത്തതാണ്. ഈഎംഎസ് അന്നു കാക്കനാടൻ ഉപദേശിയോട് പറഞ്ഞു; കമ്മ്യൂണിസ്റ്റ് നേതാവായ ടി എം വറുഗീസിനെ കുഴിച്ചിടുവാൻ കൂടിയ ഞാനിതിന് അനുവാദം തരുന്നതെന്ന്. കാക്കനാടൻ ഉപദേശിയുടെ പിള്ളാരെയെല്ലാം മാമോദീസാ മുക്കിയതും മർത്തോമ്മാ സഭയിൽ തന്നെയാണ്. പിന്നിട് അവർ കമ്മ്യൂണിസ്റ്റാശയത്തിൽ ആകൃഷ്ടമായി പള്ളി ബന്ധം ഇല്ലാതിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്റെ ഇടവകാംഗമായിരുന്നതിനാൽ ഉപദേശി എന്റെ അടുത്ത ആളുമായിരുന്നു. തമ്പി മരിച്ച കാര്യം മക്കൾ വിളിച്ച് പറഞ്ഞിരുന്നു. പക്ഷേ ഈ തർക്കം എന്റെയടുക്കൽ ആരും അപ്പോൾ പറഞ്ഞുമില്ല.

ഞാൻ മർത്തോമ്മാ സഭയിൽ അംഗമായത് എന്റെ പിതാവ് മർത്തോമ്മക്കാരനായത് കൊണ്ടാണ്. അതുകൊണ്ട് എനിക്ക് പ്രത്യേക അപേക്ഷയൊന്നും കൊടുക്കേണ്ടി വന്നില്ല. മർത്തോമ്മാ സഭാംഗത്തിന്റെ മക്കൾ മർത്തോമ്മ സംഭാംഗം തന്നെയാണ്. പേര് നീക്കം ചെയ്തു എന്നു പ്രഖ്യാപിക്കയോ, സ്വയം രാജി സമർപ്പിക്കയോ ചെയ്യാത്തിടത്തോളം കാലം അവർ മർത്തോമ്മാ സംഭാംഗം തന്നെയാണ്.

പി റ്റി പുന്നൂസ് മരിച്ചപ്പോൾ ഇതു പോലെ പ്രശ്നമുണ്ടായി. അന്നത്തെ മെത്രാപ്പോലിത്തയായിരുന്ന യൂഹാനോൻ തിരുമേനി കുഴിച്ചിടുവാൻ പറ്റില്ലായെന്ന നിലപാടാണ് എടുത്തത്. അപ്പോൾ സി റ്റി

മാത്യുസ് സാർ തിരുമേനിയുടെ അടുക്കൽ ചെന്ന് ഒരു ചോദ്യം ചോദിച്ചു: തിരുമേനി അദ്ദേഹത്തെ സഭയിൽ നിന്ന് മുടക്കിയിട്ടുണ്ടോ? അപ്പോഴാണ് മെത്രാപ്പോലിത്തായും അക്കാര്യം ചിന്തിക്കുവാനാരംഭിച്ചത്. പിറ്റി പുന്നൂസിനെ സഭയുടെ സെമിത്തേരിയിൽ അടക്കാമെന്ന് മെത്രാപ്പോലിത്ത സമ്മതിച്ചു. പക്ഷേ കമ്മ്യൂണിസ്റ്റുകാർ ആ സന്മനസ്സ് സ്വീകരിക്കുവാൻ തയ്യാറായില്ല. അവർ ആലപ്പുഴ വരെയുള്ള അന്ത്യയാത്രയ്ക്ക് ശേഷം അടക്കുന്നതിന് തീരുമാനിച്ചു കഴിഞ്ഞിരുന്നു.

**?അപ്പോൾ മർത്തോമ്മാക്കാരല്ലാത്തവരെ മർത്തോമ്മാ പള്ളിയുടെ സെമിത്തേരിയിൽ അടക്കുമോ?.**

അത് മനസ്സിലാക്കുവാൻ ഒരു സംഭവം പറയാം. ഒരിക്കൽ ബംഗ്ളൂരിൽ ട്രയിൻ വന്നു നിന്നപ്പോൾ ഒരു ശവം പ്ലാറ്റ് ഫോമിൽ കിടക്കുന്നു. കൂടെ രണ്ടു വയസ്സുള്ള കുട്ടിയുമുണ്ട്. ശവത്തിന് ഉടമസ്ഥനില്ല. കുട്ടിയ്ക്കാണെങ്കിൽ ഒന്നും പറയുവാനുമറിയില്ല. സ്റ്റേഷനിൽ ജോലി ചെയ്തിരുന്ന മർത്തോമ്മക്കാരി സ്ത്രീ ഇടവക വികാരിയായ എം വി ഏബ്രഹാമച്ചനെ വിളിച്ചു പറഞ്ഞു. **എം വി ഏബ്രഹാമച്ചൻ പറഞ്ഞു: ഈ ശവത്തിന് അവകാശികൾ ആരുമില്ലായെങ്കിൽ അത് മർത്തോമ്മ സഭയുടേതാണ്.** അച്ചൻ മർത്തോമ്മാ ശുശ്രൂഷയനുസരിച്ച് ആ ശവമടക്കി. കുറച്ച് ദിവസങ്ങൾക്ക് ശേഷമാണ് ദൂരെയുള്ള ബന്ധുക്കൾ ഇതറിഞ്ഞത്. അവർ അച്ചന് ഒരു കത്തയച്ചു. അവരുടെ ബന്ധുവിന്റെ മരണാനന്തര ശുശ്രൂഷകളിൽ പങ്കെടുക്കുവാൻ സാധിക്കാതെ പോയതിൽ ദുഃഖം രേഖപ്പെടുത്തിയിരുന്നു കത്തിൽ. ഒപ്പം അവർ പറഞ്ഞു. മർത്തോമ്മാക്കാരനായ അദ്ദേഹത്തിന് മർത്തോമ്മാ ക്രമമനുസരിച്ചുള്ള അന്ത്യകർമ്മങ്ങൾ ചെയ്തതിൽ നന്ദിയും. ഇടവക ബിഷപ്പായിരുന്ന ഞാൻ ഈ വിവരം അറിഞ്ഞപ്പോൾ അച്ചനെ അഭിനന്ദിച്ചു. അച്ചൻ ആരോരുമില്ലാതിരുന്ന അവസ്ഥയിൽ ആ ശവമടക്കിയത് ഒരു ക്രിസ്തീയ പ്രവർത്തനമാണ് ചെയ്തതെന്ന് പറഞ്ഞു.അവകാശികളില്ലായെങ്കിൽ അത് മർത്തോമ്മാക്കാരുടേതാണ്.

**ശവമടക്കമെന്നത് രക്ഷിക്കപ്പെട്ടവർക്ക് (not a redemptive sacrament) വേണ്ടിയുള്ളതല്ല.മരിച്ചാൽ കുഴിച്ചിടേണ്ടത് നമ്മുടെ കൂടിയാവശ്യമാണ്. വിവാഹവും രക്ഷിക്കപ്പെട്ടവർക്ക് വേണ്ടിയുള്ളതല്ല. അത് സൃഷ്ടിയുടെ ആവശ്യമാണ്. പക്ഷേ കുർബാന രക്ഷിക്കപ്പെട്ടവർക്ക് വേണ്ടിയുള്ളതാണ്.**

**?അങ്ങനെയാണെങ്കിൽ മർത്തോമ്മാ സഭയുടെ സെമിത്തേരിയിൽ മർത്തോമ്മാക്കക്കാരല്ലാത്തവരെയും കുഴിച്ചിടാമല്ലൊ.**
=ഞങ്ങളുടെ പല പള്ളികളിലും പരദേശികളെ കുഴിച്ചിടുവാനുള്ള സ്ഥലങ്ങളുണ്ട്. അവരെ പള്ളിയിൽ പ്രാർത്ഥിച്ച് അടക്കുന്നതിനും എനിക്ക് വ്യക്തിപരമായി എതിർപ്പില്ല.

**?അപ്പോൾ ഒരു മർത്തോമ്മാ സഭാംഗം ഹിന്ദുവിനെ വിവാഹം കഴിക്കുമ്പോൾ മാമോദിസാ മുക്കി പള്ളിയിലെ അംഗമാക്കേണ്ട കാര്യമില്ലല്ലൊ.**
=അവർ ക്രിസ്തീയ രീതിയിൽ വിവാഹം വേണമെന്നാവശ്യപ്പെട്ടാൽ, ക്രിസ്തീയ പട്ടക്കാരൻ അത് നൽകണമെന്നാണ് എന്റെയഭിപ്രായം.

**?മർത്തോമ്മാ സഭയിൽ അത് നടക്കുമോ.**
=ഇതു വരെ അത് അനുവദിച്ചിട്ടില്ലെങ്കിലും അത് നടക്കുമെന്നാ എന്റെ വിശ്വാസം. എന്റെയടുക്കൽ വരുന്നവരെ ഞാൻ സിഎസ്സ് ഐ സഭയിലോട്ട് പറഞ്ഞു വിടും. ഇതിന്റെ മൊത്ത ഏജൻസി ബാംഗ്ളൂരിലുള്ള കുരുവിള സി ഏബ്രഹാമച്ചനെ ഞാൻ ഏല്പിച്ചിരിക്കുകയാ.

**?അങ്ങനെയാണെങ്കിൽ രണ്ട് ഹിന്ദുക്കൾ വന്ന് വിവാഹം ചെയ്തു തരണമെന്ന് പറഞ്ഞാലുള്ള സ്ഥിതിയെന്താ.**

=ഹിന്ദു ദൈവം ക്രിസ്ത്യൻ ദൈവം എന്നൊന്നില്ല. ക്രിസ്ത്യൻ പട്ടക്കാരൻ വിവാഹം ആശിർവ്വദിക്കണ മെന്ന് പറഞ്ഞാൽ ആശിർവദിക്കുന്നതിനെന്താ തെറ്റ്. കുടുംബമായി സന്തോഷകരമായി ജീവിക്കുവാൻ ദൈവമെ ഇവരെ അനുവദിക്കണമെയെന്നാണ് ദൈവത്തോട് പ്രാർത്ഥിക്കുന്നത്.

ഒരിക്കൽ ഞാൻ കല്ല്യാണമാശിർവദിക്കുവാൻ പോയി. ഞാനവരെ വീട്ടിൽ ചെന്നപ്പോൾ വീട്ടുകാർ പറഞ്ഞു മണവാട്ടി 40000 രൂപായുടെ മന്ത്രകോടി ധരിച്ചാണ് വിവാഹത്തിന് വന്നതെന്ന്.
ഞാൻ ഉടനെ പറഞ്ഞു: "ചതിച്ചല്ലോ. എന്റെ പ്രാർത്ഥന മാറിപ്പോയല്ലോ."
ഉടനെ അവർ ചോദിച്ച്: "അതെന്താ തിരുമേനി".
"ഞാൻ സാധാരണ 2000 രുപായുടെ മന്ത്രകോടിക്കുള്ള പ്രാർത്ഥനയാ ചെയ്യാറുള്ളത്. ഈ വിവരം എന്നോട് നേരത്തെ പറഞ്ഞിരുന്നെങ്കിൽ ഞാൻ മറ്റോരു പ്രാർത്ഥനയായിരുന്നു ചൊല്ലുക.
"അതെന്താ തിരുമേനി."
"ഞാനി വാചകം കൂടി അതിൽ ചേർത്തേനേം. കർത്താവേ, ഈ മന്ത്രകോടി ധരിക്കുന്ന പെൺകുട്ടിയ്ക്കും ഇത് വാങ്ങിയ ആളിനും സുബോധം കൊടുക്കണേന്ന് ."

ഗ്രീക്ക് ഓർത്തഡോക്സ് സഭയിൽ കുർബാനയ്ക്ക് ജനങ്ങൾ കൊണ്ടുവരുന്ന അപ്പം വാഴ്ത്തിയാണ് കുർബാന കൊടുക്കുന്നത്. ത്രോണിസിൽ വയ്ക്കുന്ന അപ്പങ്ങളിൽ ഒരു വലിയ അപ്പമെടുത്ത് അച്ചൻ വാഴ്ത്തും. ബാക്കിയുള്ള അപ്പം ആരാധനയിൽ പങ്കെടുക്കുന്ന എല്ലാവർക്കുമായി വീതം വയ്ക്കും. അച്ചൻ വാഴ്ത്തിയ അപ്പം വിശ്വാസികളായ സഭാജനങ്ങൾക്കുമാത്രമുള്ളതാണ്. അഗപ്പെ മീൽ എന്നും പറയും. അച്ചൻ വാഴ്ത്തിയ അപ്പത്തോടൊപ്പം ത്രോണോസിലിരിക്കുന്ന അപ്പവും വാഴ്ത്തപ്പെടും.
അതിനെക്കുറിച്ച് ചിലർ ഇപ്രകാരം പറയാറുണ്ട്; അച്ചൻ വാഴ്ത്തിയ അപ്പം സഭയിലെ വിശ്വാസികൾക്കും ദൈവം വാഴ്ത്തിയ അപ്പം പുറംജാതിക്കാർക്കും.

ഇതൊക്കെ ദൈവശാസ്ത്ര ചർച്ചകൾക്ക് സഹായിക്കണം. മർത്തോമ്മാ സഭയുടെ നവീകരണാഘോഷ ങ്ങൾ ഇങ്ങനെയുള്ള നവീകരണ ദൈവശാസ്ത്ര ചിന്താകളിലേക്ക് മാറണം. അന്നത്തെ കാലത്തിന് വ്യത്യസ്ഥമായി ചിന്തിച്ചു കൊണ്ടാണ് 175 വർഷങ്ങൾക്ക് മുമ്പ് നവീകരണം ഉണ്ടായത്. നിയമത്തിനപ്പുറം ചില ദൈവശാസ്ത്ര വെല്ലുവിളികളെ അഭിസംബോധന ചെയ്യുവാൻ നാം തയ്യാറാകണം.എല്ലാ ദേവാലയ ങ്ങളും  സമൂഹത്തിനു കൂടിയുള്ളതാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുവാൻ തയ്യാറാകണം.
പശുവിന് സുഖപ്രസവം ലഭിക്കുവാൻ വേണ്ടി പശുവിനെയും കൊണ്ട് ഒരാൾ എന്റെയടുക്കൽ വന്നു. എന്റെ കൂടെയുള്ള ആൾ അയാളോടു പറയുന്നത് ഞാൻ കേട്ടു: "നീ പോ, തിരുമേനി ഇതിനു വേണ്ടി യൊന്നും പ്രാർത്ഥിക്കയില്ല".
ഞാൻ ഉടനെയിറങ്ങിച്ചെന്നവനോട് പറഞ്ഞു: "നീ പോ, തിരുമേനി ഇതിന് വേണ്ടിയും പ്രാർത്ഥിക്കും".
ഞാൻ പശുവിന് വേണ്ടി പ്രാർത്ഥിച്ചു.
എന്റെയടുക്കൽ ആര് വന്നാലും ഞാൻ അവരുടെ നന്മയ്ക്ക് വേണ്ടി പ്രാർത്ഥിക്കും അത് ഹിന്ദുവാണോ. പാപിയാണോ, ദുഷ്ടനാണോയെന്ന് നോക്കിയല്ല.

**?അപ്പോൾ ദൈവത്തിന്റെ റോളിൽ പേരുള്ളവരെയെല്ലാം നാം ആദരിക്കണം, ബഹുമാനിക്കണം, അവർക്കു വേണ്ടി പ്രാർത്ഥിക്കണം. എന്നല്ലെ തിരുമേനി പറഞ്ഞു വരുന്നത്.**
=റോളിൽ പേരില്ലാതെ പോയതിനുത്തരവാദി അച്ചനായിരിക്കും. ഞാനിവിടെ പറഞ്ഞതെല്ലാം ദൈവശാ സ്ത്രപരമായ ചർച്ചയ്ക്ക് വേണ്ടി അവതരിപ്പിച്ചതു കൂടിയാണ്. ദൈവശാസ്ത്ര വെല്ലുവിളികളെ അഭിസം ബോധന ചെയ്യുന്നതിന്റെ ഭാഗം കൂടിയാണ്. വായനക്കാർ ഇതിനോട് പ്രതികരിക്കണം. അത് ന്യൂ വിഷ നിൽ പ്രസിദ്ധീകരിക്കണം. അങ്ങനെ വ്യാപകമായ ചർച്ചകൾക്ക് ഇടയാക്കണം.അത് ആധുനിക വെല്ലുവി ളികളെ നേരിടുവാൻ സഭയെ സഹായിക്കും.